"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

കോവിഡ്-19 ന്റെ രണ്ടാം തരംഗവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന അസാധാരണമായ സ്ഥിതി വിശേഷം കണക്കിലെടുത്ത്, ചെലവഴിക്കാൻ അനുമതി നല്കിയിരുന്ന 1.22 കോടി രൂപയിൽ ( ശുചിത്വമിഷൻ unspent balance) നിന്നും ശേഷിക്കുന്ന 42,61,202/- രൂപ കൂടി വ്യവസ്ഥകൾക്ക് വിധേയമായി ചെലവഴിക്കുന്നതിന് പാലാ നഗരസഭയ്ക്ക് അനുമതി നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

സ.ഉ.(സാധാ) നം.1319/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 13/07/2021

പരാമർശം:- (1) സ.ഉ.(സാധാ)നം.1112/2020/തസ്വഭവ തീയതി 12.06.2020.

(2) പാല നഗരസഭ സെക്രട്ടറിയുടെ 14.01.2021-ലെ എ1-4782/14 നമ്പർ കത്ത്.

(3) നഗരകാര്യ ഡയറക്ടറുടെ 26.04.2021-ലെ ഡി.സി.3-8427/2020 നമ്പർ കത്ത്.

**ഉത്തരവ്**

കോവിഡ്-19 വ്യാപനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലനിന്നിരുന്ന അസാധാരണമായ സ്ഥിതിവിശേഷം കണക്കിലെടുത്തും കോവിഡ്-19 നിർവ്യാപന/ പ്രതിരോധ നടപടികൾ, പ്രീ-മൺസൂൺ ശുചീകരണ പ്രവർത്തനങ്ങൾ തുടങ്ങി അടിയന്തര പ്രാധാന്യമുള്ള കർത്തവ്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർ നിർവ്വഹിച്ചു വന്നിരുന്നതിനാലും പാലാ നഗരസഭയ്ക്ക് മുൻകാലങ്ങളിൽ അനുവദിച്ചിട്ടുള്ള ശുചിത്വ മിഷൻ ഫണ്ടിൽ നിന്നും ചെലവഴിക്കാതെ ശേഷിച്ചിരുന്ന 1.22 കോടി രൂപയും പലിശ ഇനത്തിൽ ആർജ്ജിച്ചിട്ടുള്ള 75 ലക്ഷം രൂപയും ചേർന്ന തുകയിൽ നിന്ന് നഗരസഭാ ജീവനക്കാരുടെ 2020 മേയ്, ജൂൺ, ജൂലൈ മാസങ്ങളിലെ ശമ്പളവും പെൻഷനും അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു.

(2) കോവിഡ് -19 പ്രതിരോധ പ്രവർത്തനങ്ങൾക്ക് ചെലവായ തുക SDRF ഫണ്ടിൽ നിന്നും തിരികെ ലഭിക്കുമെങ്കിലും CFLTC, കോവിഡ് കെയർ സെന്റർ എന്നിവിടങ്ങളിലെ ചെലവുകൾ നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടി വരുന്ന സാഹചര്യമാണുള്ളതെന്നും ജി.എസ്.റ്റി. കോമ്പൻസേഷൻ ഇനത്തിൽ നഗരസഭയ്ക്ക് 3 കോടി രൂപയോളവും പെൻഷൻ ആനുകൂല്യങ്ങൾ ഇനത്തിൽ 8,06,08,506/- രൂപയും ലഭിക്കുവാനുണ്ടെന്നും നിലവിൽ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിലേയ്ക്കായി 50 ലക്ഷത്തോളം രൂപയും, നഗരസഭയുടെ ഷോപ്പിംഗ്

കോംപ്ലക്സുകളിലെ ലേല മുറികൾ തിരികെ വന്ന ഇനത്തിൽ വിവിധ വ്യക്തികൾക്കായി 1,63,00,000/- രൂപയും നൽകുവാൻ കഴിയാത്ത സാഹചര്യമാണ് നഗരസഭയ്ക്ക് നിലവിലുള്ളതെന്നും ശമ്പളവും പെൻഷനും കൂടാതെ ഇതര ദൈനംദിന ചെലവുകൾ മുതലായ അടിയന്തര ചെലവുകൾക്കായി 75 ലക്ഷം രൂപയോളം പ്രതിമാസം നഗരസഭയ്ക്ക് ആവശ്യമുള്ളതായും എന്നാൽ പ്രസ്തുത ഫണ്ട് കണ്ടെത്താൻ നഗരസഭയ്ക്ക് മറ്റ് മാർഗ്ഗങ്ങൾ ഒന്നും തന്നെ ഇല്ലാത്തതാണെന്നും നിലവിൽ പെൻഷൻ ആനുകൂല്യങ്ങൾ/കുടിശ്ശിക എന്നിവ മുടക്കം കൂടാതെ അനുവദിക്കുന്നതിന് ഗണ്യമായ തുകകൾ തനത് ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചു വരുന്നതെന്നും പാലാ നഗരസഭ സെക്രട്ടറി അറിയിച്ചിട്ടുള്ളതായി പരാമർശം (3) പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(3) . പാലാ നഗരസഭയ്ക്ക് ശുചിത്വമിഷൻ ഫണ്ടിൽ നിന്നും കാലാകാലങ്ങളിൽ അനുവദിച്ചിട്ടുള്ള 1.22 കോടി രൂപയിൽ നിന്നും ശേഷിക്കുന്ന 42,61,202/- രൂപ നഗരസഭയുടെ ദൈനംദിന ചെലവുകൾക്ക് ചെലവഴിക്കുന്നതിന് നിലവിലെ സാഹചര്യം മാറി നഗരസഭയുടെ തനത് വരുമാനം മെച്ചപ്പെടുന്ന മുറയ്ക്ക് പ്രസ്തുത തുക തിരികെ നിക്ഷേപിക്കണമെന്ന വ്യവസ്ഥയിൽ അനുവദിക്കാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോവിഡ്-19 ന്റെ രണ്ടാം തരംഗവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന അസാധാരണമായ സ്ഥിതി വിശേഷം കണക്കിലെടുത്ത്, ചെലവഴിക്കുന്ന തുക 6 മാസത്തിനുള്ളിൽ അതത് അക്കൗണ്ടുകളിൽ തിരികെ നിക്ഷേപിക്കേണ്ടതാണ് എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, പരാമർശം (1)-ലെ ഉത്തരവ് പ്രകാരം ചെലവഴിക്കാൻ അനുമതി നല്കിയിരുന്ന 1.22 കോടി രൂപയിൽ (ശുചിത്വമിഷൻ unspent balance) നിന്നും ശേഷിക്കുന്ന 42,61,202/- രൂപ കൂടി ചെലവഴിക്കുന്നതിന് പാലാ നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആർ .എസ് .കണ്ണൻ
സ്പെഷ്യൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, പാലാ മുനിസിപ്പാലിറ്റി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി.എസ്.എസ്.എ) / (ഇ.ആർ.എസ്.എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, ഐ&പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.

തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.